**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4753** **20-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുത്തത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂർ ജില്ലയിലെ വില്ലേജുകളിൽ ഉൾപ്പെടുന്ന 4.74 ഹെക്ടർ സ്ഥലം കണ്ണൂർ എൻ.എച്ച് 66 റോഡ് (മന്നാ ജംഗ്ഷൻ മുതൽ എൻ.എച്ച് ബൈപ്പാസ് വരെ) വീതി കൂട്ടുന്നതിന് 2013-ലെ, എൽ.എ.ആർ.ആർ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, സബ് സെക്ഷൻ (1) സെക്ഷൻ (4) പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് സെന്റർ ഫോർ സോഷ്യൽ എക്കണോമിക്ക് ആന്റ് എൺവയോൺമെന്റൽ സ്റ്റഡീസ്, പടിവട്ടം, കൊച്ചി എന്ന ഏജൻസിയെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സാമൂഹ്യാഘാത പഠന ഏജൻസി പഠനം നടത്തിയിട്ടുള്ളതും, ഏറ്റെടുക്കൽ മൂലമുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം തുടങ്ങിയവയിലുള്ള പഠനങ്ങൾ നടത്തി കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ജനങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് സെക്ഷൻ 5 പ്രകാരം പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. അതിന് ശേഷം അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, തുടർന്ന് സാമൂഹ്യ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും, വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി 18/06/2022-ലെ സ.ഉ.(കൈ) നമ്പർ 159/20/റവ പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.സാമൂഹ്യഘാത പഠനം നടത്തുന്ന സമയത്ത് ജനങ്ങൾക്ക് ആശങ്കയുള്ള പക്ഷം പബ്ലിക്ക് ഹിയറിംഗിൽ ആയത് |

| | | | |
|---|---|---|---|
| | | | ഉന്നയിക്കാവുന്നതും, ആയത് പരിഗണിക്കുകയും ചെയ്ത ശേഷം ആണ് സാമൂഹ്യാഘാത പഠന ഏജൻസി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നത്. കൂടാതെ, സാമൂഹ്യ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും, വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 01/02/2021-ലെ സ.ഉ(അച്ചടി) നമ്പർ 18/2021/റവ. പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 11(1) വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം സബ്സെക്ഷൻ (1) സെക്ഷൻ (15) പ്രകാരം സ്ഥലമെടുപ്പ് നടപടികളിൽ ആക്ഷേപമുള്ള പക്ഷം ജനങ്ങൾക്ക് സർക്കാരിൽ പരാതി സമർപ്പിക്കാൻ അവസരമുള്ളതും, ഇപ്രകാരം സമർപ്പിച്ചിട്ടുള്ള ആക്ഷേപങ്ങൾ പ്രസക്തമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 20/05/2022-ലെ ബി2/161/2022/റവ കത്ത് പ്രകാരം ആക്ഷേപങ്ങൾ അന്തിമമാക്കി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.അബ്ദുൾ മനാഫ് മുതൽ പേർ ബഹു.ഹൈക്കോടതിയിൽ WP(C) No. 18887/2020 കേസ് ഫയൽ ചെയ്തിരുന്നതും കോടതി ഉത്തരവ് അനുസരിച്ച് ജില്ലാ കളക്ടർ 01/12/2021-ന് കക്ഷികളെ നേരിൽ കേട്ടിരുന്നതുമാണ്. |
| (ബി) | 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ 4, 7 എന്നീ വകുപ്പുകൾക്ക് വിരുദ്ധമായാണ് സാമൂഹ്യ ആഘാത പഠനവും വിദഗ്ധസമിതി റിപ്പോർട്ടും തയ്യാറാക്കിയതെന്ന പ്രദേശവാസികളുടെ ആരോപണം പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (ബി) | കണ്ണൂർ ജില്ലയിലെ വില്ലേജുകളിൽ ഉൾപ്പെടുന്ന 4.74 ഹെക്ടർ സ്ഥലം കണ്ണൂർ എൻ.എച്ച് 66 റോഡ് (മന്നാ ജംഗ്ഷൻ മുതൽ എൻ.എച്ച് ബൈപ്പാസ് വരെ) വീതി കൂട്ടുന്നതിന് 2013-ലെ, എൽ.എ.ആർ.ആർ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും, സബ് സെക്ഷൻ (1) സെക്ഷൻ (4) പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് സെന്റർ ഫോർ സോഷ്യൽ എക്കണോമിക്ക് ആന്റ് എൺവയോൺമെന്റൽ സ്റ്റഡീസ്, പടിവട്ടം, കൊച്ചി എന്ന ഏജൻസിയെ ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സാമൂഹ്യാഘാത പഠന ഏജൻസി പഠനം നടത്തിയിട്ടുള്ളതും, ഏറ്റെടുക്കൽ മൂലമുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം തുടങ്ങിയവയിലുള്ള പഠനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തി കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ജനങ്ങളുടെ ആവലാതികൾ കേൾക്കുന്നതിന് സെക്ഷൻ 5 പ്രകാരം പബ്ലിക് ഹിയറിംഗ് നടത്തിയിട്ടുള്ളതുമാണ്. അതിന് ശേഷം അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, തുടർന്ന് സാമൂഹ്യ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും, വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി 18/06/2022-ലെ സ.ഉ.(കൈ) നമ്പർ 159/20/റവ പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.സാമൂഹ്യഘാത പഠനം നടത്തുന്ന സമയത്ത് ജനങ്ങൾക്ക് ആശങ്കയുള്ള പക്ഷം പബ്ലിക്ക് ഹിയറിംഗിൽ ആയത് ഉന്നയിക്കാവുന്നതും, ആയത് പരിഗണിക്കുകയും ചെയ്ത ശേഷം ആണ് സാമൂഹ്യാഘാത പഠന ഏജൻസി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നത്. കൂടാതെ, സാമൂഹ്യ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും, വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഉചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 01/02/2021-ലെ സ.ഉ(അച്ചടി) നമ്പർ 18/2021/റവ. പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 11(1) വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം സബ്സെക്ഷൻ (1) സെക്ഷൻ (15) പ്രകാരം സ്ഥലമെടുപ്പ് നടപടികളിൽ ആക്ഷേപമുള്ള പക്ഷം ജനങ്ങൾക്ക് സർക്കാരിൽ പരാതി സമർപ്പിക്കാൻ അവസരമുള്ളതും, ഇപ്രകാരം സമർപ്പിച്ചിട്ടുള്ള ആക്ഷേപങ്ങൾ പ്രസക്തമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 20/05/2022-ലെ ബി2/161/2022/റവ കത്ത് പ്രകാരം ആക്ഷേപങ്ങൾ അന്തിമമാക്കി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.അബ്ദുൾ മനാഫ് മുതൽ പേർ ബഹു.ഹൈക്കോടതിയിൽ WP(C) No. 18887/2020 കേസ് ഫയൽ ചെയ്തിരുന്നതും കോടതി ഉത്തരവ് അനുസരിച്ച് ജില്ലാ കളക്ടർ 01/12/2021-ന് കക്ഷികളെ നേരിൽ കേട്ടിരുന്നതുമാണ്. |
| (സി) | പ്രസ്തുത റോഡിന്റെ ഒരു ഭാഗത്ത് നിലവിലെ റോഡിന്റെ ഒരു വശത്തു നിന്നു മാത്രമായി സ്ഥലം ഏറ്റെടുക്കുന്നത് മൂലം വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചു നീക്കപ്പെടുന്ന രീതിയിലുള്ളതാണ് | (സി) | ഉണ്ട്. കണ്ണൂർ നഗരപാത വികസന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഡി.പി.ആർ സർക്കാർ അംഗീകരിച്ചതാണ്. സർക്കാർ അംഗീകരിച്ച അലൈൻമെന്റ് പ്രകാരമാണ് ഭൂമി ഏറ്റെടുക്കൽ |

| | | | |
|---|---|---|---|
| | നിലവിലെ പ്രൊപ്പോസലെന്നും 17 മീറ്ററിൽ നാലുവരിപ്പാത നിർമ്മിക്കാവുന്നതാണെന്നും കാണിച്ച് പ്രദേശത്തെ വ്യാപാരി വ്യവസായികൾ ഒരു ബദൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | | നടപടികൾ പുരോഗമിക്കുന്നത്. കണ്ണൂർ നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെട്ട C01-(മന്ന ജംഗ്ഷൻ- ന്യൂ എൻ.എച്ച് ബൈപ്പാസ്) റോഡ് 9.325 കി.മീ. നീളത്തിൽ 22 മീറ്റർ മുതൽ 38 മീറ്റർ വരെ വീതി വരുന്ന രീതിയിൽ 4 വരിയായാണ് വികസിപ്പിക്കുന്നത് (ബസ്ബേ, ജംഗ്ഷൻ നവീകരണം, പാലങ്ങളിലെ അപ്രോച്ച് റോഡുകൾ ഉൾപ്പെടെ). മേൽ അലൈൻമെന്റ് IRC മാനദണ്ഡ പ്രകാരം തയ്യാറാക്കിയതിനാൽ നിലവിലെ വളവുകൾ സ്റ്റാൻഡേഡൈസ് ചെയ്താണ് റോഡ് നവീകരിക്കുന്നത്. ആയതിനാൽ നിലവിലെ റോഡിന്റെ ഇരുഭാഗങ്ങളിലും ഏറ്റെടുക്കുന്ന ഭൂമിയിൽ വ്യതാസം വരാവുന്നതാണ്. പ്രദേശവാസികൾ സമർപ്പിച്ച ബദൽ പ്രൊപ്പോസലിൽ പുതിയതെരു പോലെയുള്ള ജനത്തിരക്കുള്ള പ്രദേശത്ത് കാൽനടയാത്രക്കാർക്ക് സൗകര്യപ്രദമായ നടപ്പാതയോ സുരക്ഷയോ നൽകുന്നതായി കാണുന്നില്ല. മാത്രമല്ല കണ്ണൂർ നഗരപാത വികസന പദ്ധതിയിലെ C01-(മന്ന ജംഗ്ഷൻ- ന്യൂ എൻ.എച്ച് ബൈപ്പാസ്) ജംഗ്ഷൻ വരുന്ന സ്ഥലങ്ങളിൽ 17 മീറ്ററിൽ നവീകരിച്ചാൽ നിലവിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകുകയുമില്ല. കൂടാതെ മേൽ റോഡിൽ 9.325 കി.മീ-ൽ പൂർണ്ണമായും 22 മീറ്റർ മുതൽ 38 മീറ്റർ വരെ വീതിയിൽ നവീകരിക്കുമ്പോൾ ഒരു ഭാഗത്ത് മാത്രം 17 മീറ്ററിൽ നവീകരിക്കുന്നത് ഗതാഗതതടസം സൃഷ്ടിക്കുന്നതിന് കാരണമാകുന്നതുമാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായുള്ള സാമൂഹ്യ ആഘാത പഠനസമിതിയിൽ പ്രദേശത്തെ തദ്ദേശസ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ട നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയത് പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ഡി) | സാമൂഹ്യാഘാത പഠനം വിലയിരുത്തുന്നതിന് രൂപീകരിച്ച വിദഗ്ധ സമിതിയിൽ തദ്ദേശസ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് എൽ.എ.ആർ.ആർ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയത് പാലിച്ചിട്ടുള്ളതുമാണ്. |
| (ഇ) | ചില സ്ഥലങ്ങളിൽ പദ്ധതി നടത്തിപ്പിനാവശ്യമായതിൽ കുറവും ചില മേഖലകളിൽ ആവശ്യമായതിൽ കൂടുതലും ഭൂമി ഏറ്റെടുത്തതായുള്ള പ്രദേശവാസികളുടെ ആരോപണം പരിശോധിച്ചിരുന്നോയെന്നറിയിക്കാമോ; | (ഇ) | പരിശോധിച്ചിരുന്നു. IRC മാനദണ്ഡപ്രകാരം തയ്യാറാക്കിയതിനാൽ നിലവിലെ വളവുകൾ സ്റ്റാൻഡേഡൈസ് ചെയ്താണ് റോഡ് നവീകരിക്കുന്നത്. ആയതിനാൽ നിലവിലെ റോഡിന്റെ ഇരുഭാഗങ്ങളിലും ഏറ്റെടുക്കുന്ന ഭൂമിയിൽ വ്യത്യാസം വരാവുന്നതാണ്. കണ്ണൂർ നഗരപാത വികസന പദ്ധതി |

| | | | |
|---|---|---|---|
| | | | നടത്തിപ്പിന്നാവശ്യമായ ഭൂമി മാത്രമേ ഏറ്റെടുക്കുന്നുള്ളൂ. |
| (എഫ്) | പ്രദേശവാസികൾ നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്ന സാഹചര്യത്തിൽ അവരുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരം ഉണ്ടാക്കി പദ്ധതിക്കായി അനുയോജ്യമായ പുതിയ അലൈൻമെൻറ് സ്വീകരിക്കുന്നതിന് തയ്യാറാകുമോ എന്നറിയിക്കാമോ? | (എഫ്) | നിരവധി ശാസ്ത്രീയപഠനങ്ങൾക്കും സാമൂഹിക ആഘാതപഠനത്തിനും ശേഷമാണ് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നത്. മാത്രമല്ല, ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് 60 ദിവസം വരെ പരാതിക്കാർക്കുള്ള ആക്ഷേപങ്ങൾ കേൾക്കാൻ സാഹചര്യം ഉണ്ടായിരുന്നു. ഇതെല്ലാം പാലിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. C01-(മന്ന ജംഗ്ഷൻ-ന്യൂ എൻ.എച്ച് ബൈപ്പാസ്) അലൈൻമെന്റിൽ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ